

# സുനനുദ്ദാറഖുത്്നി

**അബുൽ** ഹസൻ അലിയ്യുബ്നു ഉമറദ്ദാറഖുത്്നി എന്ന വിഖ്യാതനായ ഹദീസ് പണ്ഡിതൻ സമാഹരിച്ചതാണ് സുനനുദ്ദാറഖുത്്നി എന്നറിയപ്പെടുന്ന കിതാബുസ്സുനൻ. പുരാതന കാലത്ത് ബഗ്ദാദിലുണ്ടായിരുന്ന 'ദാറുൽ ഖുത്്ൻ' എന്ന സ്ഥലപേരിൽ അദ്ദേഹം അറിയപ്പെടുന്നു.

ഹിജ്റ 305-ൽ ഇറാഖിൽ ജനിച്ചു. ഇമാം ബഗവി പ്രധാന ഗുരുവാണ്. ഹദീസ് പഠിക്കാനായി ഇറാഖിന് പുറമെ സിറിയ, ഈജിപ്ത് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. 'സുനനുദ്ദാറഖുത്്നി' കൂടാതെ *അൽ മുഖ്തലിഫ് വൽ മുഅ്തലിഫ്* എന്ന ഗ്രന്ഥവും രചിച്ചിട്ടുണ്ട്. ഹിജ്റ 385-ൽ ബഗ്ദാദിൽ മരണപ്പെട്ടു.